# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1446 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.സണ്ണി ജോസഫ്** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ യഥാസമയം നടപ്പിലാക്കാത്തതാണോ പനി മരണങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കിയത്; | (എ) | അല്ല |
| (ബി) | പരിസര ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും നിരന്തര പ്രക്രിയയാക്കി കേരളത്തെ പനിമരണങ്ങളിൽ നിന്നും മുക്തമാക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ഇതിന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി തുടർനടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ